LIBRARY ARCHIVES Kerala Legislative Assembly

പ്രവാസി മലയാളികൾക്കായുള്ള പദ്ധതികൾ

92 (4127) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസിമലയാളികൾക്കായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രവാസിമലയാളികളുടെ കൂട്ടായ്മയിൽ സംസ്ഥാന വികസനത്തിന് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രവാസി മലയാളികൾക്കായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)

വിദേശത്ത് ജോലി ചെയ്ത് മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽസംരംഭങ്ങൾക്ക് 15% മൂലധനസബ്സിഡിയും ആദ്യത്തെ നാലുവർഷം 3% പലിശയിളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

2. നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC)

സംസ്ഥാനത്തെ നിക്ഷേപസാധ്യതകളെ പ്രവാസികേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ

നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്. നിക്ഷേപതൽപ്പരരായ പ്രവാസികൾക്ക് ഈ സെന്റർ വിവിധ അനുമതികൾ നേടുന്നതിൽ ഒരു 'ഏകജാലക സംവിധാന'മായി പ്രവർത്തിക്കും. സംസ്ഥാനത്തെ നിക്ഷേപസംരംഭ സാദ്ധ്യതകളെക്കുറിച്ച് താത്പര്യമുള്ള നിക്ഷേപകർക്ക് സമഗ്രമായ വിവരങ്ങൾ ഈ കേന്ദ്രം ലഭ്യമാക്കും.

3. പ്രവാസി നിയമസഹായ സെൽ(PLAC)

തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസികളുടെ സഹായത്തോടെ നിയമസഹായം നൽകുന്നതിനുള്ള സമഗ്രപദ്ധതി, കേരളത്തിലെ എല്ലാ ജില്ലകളിലും ഇന്ത്യയിലെ മലയാളികൾ അധിവസിക്കുന്ന പ്രദേശങ്ങളിലും പ്രത്യേകിച്ചും ഡൽഹി, മുംബൈ, ചെന്നൈ, ബംഗളൂരു, ഹൈദരാബാദ്, ബറോഡ എന്നീ സ്ഥലങ്ങളിൽ നിയമബോധവത്ക്കരണ ക്ലാസ്സുകളും ഈ പദ്ധതിയിലൂടെ സംഘടിപ്പിച്ചുവരുന്നു.

4. സ്വപ്ന സാഫല്യം

തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റങ്ങൾക്കും വിദേശജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാനടിക്കറ്റ് നൽകുന്നതിനുള്ള പദ്ധതി.

5. സാന്ത്വന

2003-ൽ ആരംഭിച്ച ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതിയിൻകീഴിൽ ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാനപരിധിയും ധനസഹായവും 1-6-2013 മുതൽ വർദ്ധിപ്പിക്കുകയുണ്ടായി.

6. എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്

മറുനാടൻ മലയാളികൾക്കായുള്ള (അന്യസംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾ) തിരിച്ചറിയൽ കാർഡ് എന്ന നിലയിൽ 2012 ജൂണിലാണ് ഈ പദ്ധതി ആരംഭിച്ചത്. നോർക്ക സഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തിരിച്ചറിയൽ കാർഡായി ഇത് ഉപയോഗിക്കാം. അപകടമരണം, സ്ഥിരം/പൂർണ്ണ വൈകല്യം എന്നിവയ്ക്ക് പരമാവധി 2 ലക്ഷം രൂപവരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപ വരെ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

7. കാൾസെന്റർ

നോർക്ക വകുപ്പിനെയും നോർക്ക-റൂട്ട്സിനെയും സംബന്ധിച്ച വിവരങ്ങൾ നൽകുന്ന കാൾ സെന്ററിന്റെ സേവനം ദിവസത്തിൽ 24 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2015 ജനുവരി 16, 17 തീയതികളിലായി കൊച്ചിയിൽ നടന്ന ആഗോള മലയാളി പ്രവാസി സംഗമത്തിൽ ഉരുത്തിരിഞ്ഞ പ്രവാസിനിക്ഷേപം സംസ്ഥാന വികസനത്തിനുപയുക്തമാക്കുന്നതിന് ഒരു സ്പെഷ്യൽ പർപ്പസ്വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

യെമനിൽ നിന്നും മടങ്ങിയെത്തിയ നഴ്സുമാർക്കുള്ള സഹായം

93 (T4128) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുദ്ധഭീതിയിൽ യെമനിൽനിന്നും ജോലിയുപേക്ഷിച്ചു മടങ്ങി എത്തിയിട്ടുള്ളത് എത്ര നഴ്സുമാരാണ് ; ജില്ല തിരിച്ച് വിശദാംശം നൽകാമോ ;

(ബി) ടി നഴ്സുമാർക്ക് എന്തൊക്കെ സഹായങ്ങളാണ് വാഗ്ദാനം ചെയ്തിരുന്നത് ; വിശദാംശം നൽകാമോ ;

(സി) ഇവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിലെത്ര പേർക്ക് എന്തൊക്കെ സഹായങ്ങൾ നൽകിയെന്ന് ജില്ലതിരിച്ച് വിശദാംശം നൽകാമോ ;

(ഡി) ഇവർക്ക് കേരളത്തിൽ ജോലി ലഭിക്കുന്നതിനുവേണ്ട സഹായം വാഗ്ദാനം ചെയ്തിരുന്നുവോ ; എങ്കിൽ എത്ര പേർക്ക് സർക്കാർ സഹായത്താൽ ജോലി ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകാമോ ;

(ഇ) ഇല്ലെങ്കിൽ വാഗ്ദാനം ചെയ്ത സഹായങ്ങൾ ലഭ്യമാക്കാതിരിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(എഫ്) വിദ്യാഭ്യാസ വായ്പയും മറ്റും എടുത്ത് കടക്കെണിയിലായ ഇവർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത് ?

ഉത്തരം

(എ) യെമനിൽ നിന്നും ജോലി ഉപേക്ഷിച്ചു മടങ്ങിയെത്തിയ കേരളീയർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ 830 പേർ നഴ്സുമാരാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

'T' മാറിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly